# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് പതിനഞ്ച്

## ഫിലദെൽഫ്യയിലുള്ള സഭ—മഹോപദ്രവത്തിനുമുമ്പുള്ള ഉൽപ്രാപണവും ദൈവത്തിന്റെ ആലയത്തിലെ ഒരു തൂണും

ഈ ദൂതിൽ പ്രത്യുദ്ധാരത്തിലെ സഭയായ ഫിലദെൽഫ്യയിലുള്ള സഭയിലേക്ക് നാം വരുന്നു (3:7-13). യവനഭാഷയിൽ ഫിലദെൽഫ്യ എന്നാൽ സാഹോദരസ്നേഹം എന്നാണ് അർഥം. ഒരു അടയാളമെന്ന നിലയിൽ, ഫിലദെൽഫ്യയിലുള്ള സഭ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇംഗ്ലണ്ടിൽ കർത്താവിനാൽ എഴുന്നേൽപ്പിക്കപ്പെട്ട സഹോദരന്മാരാൽ പ്രത്യുദ്ധരിക്കപ്പെട്ട ശരിയായ സഭാജീവിതത്തെ മുന്നടയാളപ്പെടുത്തുന്നു. തുയഥൈരയിലുള്ള സഭയാൽ മുന്നടയാളപ്പെടുത്തുന്ന വിശ്വാസത്യാഗിനിയായ കത്തോലിക്കാസഭയ്ക്കുള്ള ഒരു പ്രതികരണമായിരുന്നു സർദ്ദിസിലെ സഭയാൽ മുന്നടയാളപ്പെടുത്തുന്ന നവീകരിക്കപ്പെട്ട സഭയെന്നപോലെ, ചത്ത നവീകരിക്കപ്പെട്ട സഭയ്ക്കുള്ള ഒരു പ്രതികരണമാണ് സഹോദരസ്നേഹത്തിന്റെ സഭ. ഈ പ്രതികരണം കർത്താവിന്റെ മടങ്ങിവരവുവരെ വിശ്വാസത്യാഗിനിയായ കത്തോലിക്കാസഭയ്ക്കും അധഃപതിച്ച പ്രൊട്ടസ്റ്റന്റുസഭയ്ക്കും ഒരു എതിർ-സാക്ഷ്യമായി തുടരും.

## I. സംസാരിക്കുന്നവൻ

### A. വിശുദ്ധനും സത്യവാനും

വാക്യം 7 പറയുന്നു, "വിശുദ്ധനും സത്യവാനുമായവൻ അരുളിച്ചെയ്യുന്നു." സാഹോദരസ്നേഹത്തിന്റെ സഭയ്ക്ക് കർത്താവ് "വിശുദ്ധനും സത്യവാനും" ആണ്, അവനാലും അവനോടുകൂടെയും മാത്രമേ പ്രത്യുദ്ധരിക്കപ്പെട്ട സഭയ്ക്ക് ലോകത്തിൽനിന്ന് വേർപെട്ട് വിശുദ്ധയും, ദൈവത്തിനു സത്യവും വിശ്വസ്തയും ആയിരിക്കുവാൻ കഴിയുകയുള്ളൂ.

### B. ദാവീദിന്റെ താക്കോലുള്ളവൻ

പ്രത്യുദ്ധരിക്കപ്പെട്ട സഭയ്ക്ക് കർത്താവ് തുറക്കുവാനും

അടയ്ക്കുവാനുമുള്ള അധികാരത്തോടുകൂടെയുള്ള രാജ്യത്തിന്റെ താക്കോൽ എന്ന "ദാവീദിന്റെ താക്കോലുള്ളവനും" (വാ. 7) ആണ്. *ദാവീദിന്റെ താക്കോൽ* എന്ന പദത്തിന്റെ അർഥം അധികമാർക്കും അറിയില്ല. ഉല്പത്തി 1 അനുസരിച്ച്, ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ, അവൻ മനുഷ്യന് സകല സൃഷ്ടികളുടെയുംമേൽ ആധിപത്യം കൊടുത്തു. ഇതു സൂചിപ്പിക്കുന്നത്, ദൈവത്തിന്റെ ഉദ്ദേശ്യത്തിൽ, മനുഷ്യൻ ഭൂമിയിൽ ദൈവത്തെ പ്രതിനിധീകരിക്കുന്ന ശക്തിയായിരിക്കണം എന്നാണ്. എന്നാൽ വീഴ്ചമൂലം മനുഷ്യൻ ഈ ശക്തി നഷ്ടപ്പെടുത്തി, അതിനെ ഒരിക്കലും പൂർണ്ണമായി പ്രത്യുദ്ധരിച്ച തുമില്ല. ദൈവത്തെ പ്രതിനിധീകരിക്കുന്നതിന് ഭൂമിയുടെമേൽ മനുഷ്യൻ ആധിപത്യം വീണ്ടെടുത്തില്ല. ആദാമിന്റെയും, ഹാബേലിന്റെയും, ഏനോശിന്റെയും, നോഹയുടെയും ജീവിതങ്ങളിൽ ഈ ശക്തി നാം കാണുന്നില്ല. അബ്രാഹാമിന്റെയും, യിസ്ഹാക്കിന്റെയും, യാക്കോബിന്റെയും ജീവിതങ്ങളിലും നാം ഇതു കാണുന്നില്ല. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായ യിസ്രായേൽമക്കൾ നല്ലദേശത്തിലേക്കു പ്രവേശിക്കുകയും ആലയം പണിയുകയും ചെയ്യുതുവരെ നാം ഈ ശക്തി കാണുന്നില്ല. പ്രത്യക്ഷത്തിൽ ആലയം പണിതത് ശലോമോനായിരുന്നു: വാസ്തവത്തിൽ അത് ദാവീദിനാൽ പണിയപ്പെട്ടതായിരുന്നു, കാരണം, ആലയ നിർമാണത്തിനു പിന്നിൽ അവനായിരുന്നു. ഉല്പത്തി 1:26-ൽ വെളിപ്പെടുത്തിയിരിക്കുന്നതെന്താണെന്ന് ഓർക്കുക. മനുഷ്യൻ ദൈവത്തെ ആവിഷ്കരിക്കുകയും പ്രതി നിധീകരിക്കുകയും ചെയ്യേണ്ടതിന് ദൈവം മനുഷ്യനെ തന്റെ സ്വരൂപത്തിലും തന്റെ ആധിപത്യത്തോടുകൂടെയും ഉണ്ടാക്കി. ആലയം ദൈവത്തിന്റെ സ്വരൂപത്തോട് ബന്ധപ്പെട്ടിരിക്കുന്നു, കാരണം, ദൈവത്തിന്റെ ആലയമായിരിക്കുന്നതുകൊണ്ട് അത് അവന്റെ ആവിഷ്കാരമാണ്. ആലയം പട്ടണത്തിലാണ് പണിതിരുന്നത്. ആലയം ദൈവത്തിന്റെ ആവിഷ്കാരത്തെ സൂചിപ്പിക്കുകയും, പട്ടണം ദൈവത്തിന്റെ ആധിപത്യത്തെ സൂചിപ്പിക്കുകയും ചെയ്യുന്നു. ഉല്പത്തി 1-ൽ വെളിപ്പെടുത്തി യിരിക്കുന്ന സ്വരൂപവും ആധിപത്യവും, കുറഞ്ഞപക്ഷം ഒരു അളവുവരെയെങ്കിലും, ആലയത്തിലും പട്ടണത്തിലും നിറവേറി. ആലയത്തിൽ നമുക്ക് ദൈവത്തിന്റെ ആവിഷ്കാരത്തിനുവേ ണ്ടിയുള്ള അവന്റെ സാന്നിധ്യവും, പട്ടണത്തിൽ നമുക്ക് അവന്റെ ആധിപത്യവും ഉണ്ട്. അവൻ ഭൂമിയിൽ വാഴുമ്പോൾ ദൈവത്തെ പ്രതിനിധീകരിക്കുന്ന ദൈവത്തിന്റെ രാജാവ് പട്ടണത്തിലാണ്.

ദാവീദിന്റെ താക്കോൽ എന്താണെന്ന് മനസ്സിലാക്കുന്നതിനുള്ള അനിവാര്യമായ ഒരു പശ്ചാത്തലമാണിത്. ദാവീദ് പിടിച്ചിരിക്കുന്ന താക്കോൽ ദൈവത്തിന്റെ മുഴുവൻ ആധിപത്യത്തിന്റെയും

താക്കോലാണ്. ദൈവത്തിന്റെ ആധിപത്യത്തിൽ മുഴുവൻ പ്രപഞ്ചവും, പ്രത്യേകിച്ചും മാനവജാതി ഉൾപ്പെടുന്നു. ഈ ആധിപത്യത്തിന് ഒരു താക്കോലുണ്ട്; അത് രാജ്യത്തിനുവേണ്ടി യുദ്ധംചെയ്യവനും ആലയത്തിനുവേണ്ടിയുള്ള ഒരുക്കങ്ങൾ നടത്തിയവനുമായ വ്യക്തി സ്വന്തമാക്കിയിരിക്കുന്നു. ഈ വ്യക്തിയുടെ പേര് ദാവീദ് എന്നാണ്. ദൈവത്തിന്റെ രാജ്യം ഭൂമിയിൽ സ്ഥാപിക്കുന്നതിൽ ദാവീദ് ദൈവത്തെ പ്രതിനിധീകരിച്ചു. ഇക്കാരണത്താൽ, അവന് പ്രപഞ്ചത്തിലുള്ള ദൈവത്തിന്റെ ആധിപത്യത്തിന്റെ താക്കോൽ ഉണ്ട്. എന്നാൽ ദാവീദ് കേവലം ഒരു മുൻകുറിയാണ്, യാഥാർഥ്യമല്ല. യഥാർഥ ദാവീദ് ദാവീദിലും വലിയവനായ ക്രിസ്തു ആണ്. അവനാണ് സഭ എന്ന ദൈവത്തിന്റെ ആലയം പണിയുകയും ദൈവത്തിന്റെ രാജ്യം സ്ഥാപിക്കുകയും ചെയ്യവൻ. അതുകൊണ്ട്, ഭവനവും രാജ്യവുമായ ഇന്നത്തെ സഭയിൽ നമുക്ക് ദൈവത്തിന്റെ ആവിഷ്കാരവും പ്രാതിനിധ്യവും ഉണ്ട്. ദാവീദിലും വലിയവനെന്ന നിലയിൽ, ക്രിസ്തു യഥാർഥ ആലയമായ ദൈവഭവനം പണിയുകയും, ദൈവത്തെ പ്രതിനിധീക രിക്കുന്നതിന് പൂർണ്ണ അധികാരം പ്രയോഗിക്കുന്ന ആധിപത്യമായ, ദൈവരാജ്യം സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെ, അവൻ ദാവീദിന്റെ താക്കോൽ പിടിച്ചിരിക്കുന്നു. ദൈവത്തിനുവേണ്ടി മുഴുവൻ പ്രപഞ്ചത്തെയും തുറക്കുന്നതിന് ദൈവത്തെ പ്രതി നിധീകരിക്കുന്ന ഒന്നാണ് ദാവീദിന്റെ താക്കോൽ. ഇതാണ് ക്രിസ്തു പിടിച്ചിരിക്കുന്ന ദാവീദിന്റെ താക്കോൽ. ക്രിസ്തുവാണ് ദൈവവ്യവസ്ഥയുടെ കേന്ദ്രമെന്ന് ഈ പ്രയോഗം സൂചിപ്പിക്കുന്നു. അവനാണ് ദൈവത്തെ ആവിഷ്കരിക്കുകയും പ്രതിനിധീകരി ക്കുകയും ചെയ്യുന്നവൻ, ദൈവത്തിന്റെ ആധിപത്യത്തിലുള്ള സകലത്തെയും തുറക്കുവാനുള്ള താക്കോൽ പിടിച്ചിരിക്കുന്നവൻ.

## C. തുറക്കുകയും അടയ്ക്കുകയും ചെയ്യുന്നവൻ

ക്രിസ്തു "ആരും അടയ്ക്കാതവണ്ണം തുറക്കുകയും, ആരും തുറക്കാതവണ്ണം അടയ്ക്കുകയും ചെയ്യുന്നവൻ" ആണെന്നും വാക്യം 7 പറയുന്നു. ദൈവവ്യവസ്ഥയുടെ താക്കോൽ എന്ന സാർവത്രിക താക്കോൽ അവന്റെ കയ്യിൽ ഉള്ളതുകൊണ്ട് അവൻ തുറക്കുകയും അടയ്ക്കുകയും ചെയ്യുന്നു.

ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, വെളിപ്പാട് പുസ്തകത്തിൽ കാണുന്ന സകലവും പുതിയതല്ല, പിന്നെയോ പഴയനിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന കാര്യങ്ങളുടെ പൂർത്തീകരണമാണ്. ദാവീദിന്റെ താക്കോലിന്റെ കാര്യത്തിലും ഇതു സത്യമാണ്. യെശയ്യാവ് 22:22-24 ദാവീദിന്റെ താക്കോലുള്ളവനായ ക്രിസ്തുവിനെ സംബന്ധിച്ച ഒരു പ്രവചനമാണ്. ക്രിസ്തു ദാവീദിന്റെ താക്കോൽ പിടിച്ചിരിക്കുന്നു എന്നതിനെ സംബന്ധിച്ച ആഴമുള്ള

ചിന്ത അവിടെ കാണാം. യെശയ്യാവ് 22-ൽ ക്രിസ്തു ദാവീദിന്റെ താക്കോൽ പിടിച്ചിരിക്കുന്നവനായിരിക്കും എന്നു മാത്രമല്ല, അവൻ ഒരു ആണി അഥവാ ഒരു കുറ്റി ആയിരിക്കുമെന്നും പ്രവചിച്ചിരുന്നു. ക്രിസ്തു ഒരു ആണിയാണെന്ന് വളരെ കുറച്ച് ക്രിസ്ത്യാനികൾ മാത്രമേ കേട്ടിട്ടുള്ളൂ. യെശയ്യാവ് 22-ലെ സന്ദർഭം നിങ്ങൾ പരിഗണിക്കുകയും, വെളിപ്പാട് 3-ലെ ദാവീദിന്റെ താക്കോൽ പിടിച്ചിരിക്കുന്നവനായ ക്രിസ്തുവിനെ സംബന്ധിച്ച വചനത്തിന്റെ സന്ദർഭം വായിക്കുകയും ചെയ്യുമെങ്കിൽ, ക്രിസ്തു ദാവീദിന്റെ താക്കോൽ പിടിച്ചിരിക്കുന്നത് ദൈവത്തിന്റെ ആലയമായ ദൈവഭവനത്തിനു വേണ്ടിയാണെന്ന് നാം മനസ്സിലാക്കും. യെശയ്യാവ് 22-ലെ നിർണ്ണായക വിഷയം ദൈവത്തിന്റെ ഭവനമാണ്. ഒടുവിൽ ഫിലദെൽഫ്യയിലുള്ള സഭയ്ക്കുള്ള ലേഖനം പുതിയ യെരൂശലേമിനെക്കുറിച്ചും സംസാരിക്കുന്നു. ഫിലദെൽഫ്യയിലെ ജയാളികൾ ദൈവാലയത്തിലെ തൂണുകളായിരിക്കുകയും, ദൈവാലയം ആത്യന്തികമായി പുതിയ യെരൂശലേമായി വികാസംപ്രാപിക്കുകയും ചെയ്യും. വെളിപ്പാട് 21:22 അനുസരിച്ച്, പുതിയ യെരൂശലേമിൽ ആലയമില്ല, കാരണം, നിത്യതയിൽ ആലയം ഒരു നഗരമായി വികാസം പ്രാപിക്കുകയും, മൂന്ന് സമ അളവുകളുള്ള (21:16) അതിവിശുദ്ധസ്ഥലത്തിന്റെ വികാസമായിരിക്കുകയും ചെയ്യും. ഇതാണ് ദൈവത്തിന്റെ ഭവനത്തിന്റെ ആത്യന്തിക പരിണതി. ക്രിസ്തു ദാവീദിന്റെ താക്കോൽ പിടിച്ചിരിക്കുന്നതും, ദൈവത്തിനുവേണ്ടി യുദ്ധം ചെയ്യുന്നതും, ആലയം പണിയുന്നതും, ദൈവരാജ്യം സ്ഥാപിക്കുന്നതുമെല്ലാം ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയാണ്.

ക്രിസ്തു ദാവീദിന്റെ താക്കോൽ പിടിച്ചിരിക്കുന്നതും, അവൻ തുറക്കുകയും അടയ്ക്കുകയും ചെയ്യുന്നതും നാം വിശുദ്ധരോ ആത്മികരോ ആയിരിക്കുവാനല്ല, നാം പണിയപ്പെടേണ്ടതിനാണ്. വിശുദ്ധി എന്നോ ആത്മികത എന്നോ പറയപ്പെടുന്നതിനെ അവൻ ശ്രദ്ധിക്കുന്നില്ല. കഴിഞ്ഞ രണ്ടു നൂറ്റാണ്ടിനിടയിൽ തങ്ങൾ വിശുദ്ധരും ആത്മികരുമാണെന്ന് ചില ആളുകൾ അവകാശപ്പെട്ടിട്ടുണ്ട്. അവർ ചിലത് കണ്ടുവെങ്കിലും, അവർ ഏറെക്കുറെ ഹ്രസ്വദൃഷ്ടിയുള്ളവരായിരുന്നു. വിശുദ്ധി വിശുദ്ധിക്കുവേണ്ടിയല്ല, ആത്മികത ആത്മികതയ്ക്കുവേണ്ടിയും അല്ല. വിശുദ്ധിയും ആത്മികതയും നമ്മെ ദൈവാലയത്തിന്റെ തൂണുകളായിരിക്കുവാൻ പ്രാപ്തരാക്കുന്നതിനാണ്. ഒടുവിൽ, നാം വിശുദ്ധിയുടെയോ ആത്മികതയുടെയോ പേരല്ല, പുതിയ യെരൂശലേമിന്റേ പേരായിരിക്കും വഹിക്കുന്നത്. 3:12-ൽ "ഞാൻ നിന്റെമേൽ വിശുദ്ധി എന്നെഴുതും" എന്നോ "ഞാൻ നിന്റെമേൽ ആത്മികത എന്നെഴുതും" എന്നോ കർത്താവു പറഞ്ഞില്ല; അവൻ പറഞ്ഞു, "എന്റെ ദൈവത്തിന്റെ നാമവും, എന്റെ ദൈവത്തിന്റെ അരികിൽനിന്ന്, സ്വർഗത്തിൽനിന്ന്, ഇറങ്ങിവരുന്ന പുതിയ യെരൂശലേമെന്ന എന്റെ ദൈവത്തിന്റെ

നഗരത്തിന്റെ നാമവും, എന്റെ പുതിയ നാമവും എഴുതും." നമുക്കിവിടെ ഉള്ളത് വിശുദ്ധിയോ ആത്മികതയോ അല്ല, ദൈവവും പുതിയ യെരൂശലേമും ആണ്. ദൈവത്തിന്റെ ഉദ്ദേശ്യം നമ്മെ വിശുദ്ധരോ ആത്മികരോ ആക്കുകയല്ല; നമ്മെ പുതിയ യെരൂശലേമിന്റെ ഭാഗമാക്കുകയാണ്. അവന് ആവശ്യമായിരിക്കുന്ന സകല വിശുദ്ധിയും ദൈവത്തിന് നേരത്തേതന്നെ ഉണ്ട്, എന്നാൽ ഇതുവരെയും അവന് പുതിയ യെരൂശലേം ഇല്ല. ദൈവത്തിന്റെ ആഗ്രഹം കൂടുതൽ ആത്മികതയ്ക്കുവേണ്ടിയല്ല. അവൻ അന്വേഷിക്കുന്നത് പുതിയ യെരൂശലേമാണ്. പണിയപ്പെട്ട ഒരു സഭയെ ദൈവം ആഗ്രഹിക്കുന്നു. പുതിയ യെരൂശലേമിൽ പരിണതി പ്രാപിക്കുന്ന ദൈവഭവനം എന്ന ഇന്നത്തെ ബെഥേൽ അവൻ ആഗ്രഹിക്കുന്നു. ഇത് കാണുവാൻ നിങ്ങൾ ഇച്ഛിക്കുന്നുവോ?

ഈ വെളിച്ചം ഞാൻ പതിനെട്ടു വർഷങ്ങൾക്കുമുമ്പ് കണ്ടപ്പോൾ, ദൈവം ആത്മികത ആഗ്രഹിക്കുന്നില്ല എന്ന് എന്റെ ദൂതിൽ ഞാൻ ശക്തമായ ഒരു പ്രഖ്യാപനം നടത്തി. എതിർക്കുന്നവരായ ചിലർ ഈ വാചകത്തെ സന്ദർഭത്തിൽനിന്നും എടുത്തിട്ട്, "ശ്രദ്ധിക്കുക, നമുക്ക് ആത്മികത ആവശ്യമില്ലെന്നും ദൈവം ആത്മികത ആഗ്രഹിക്കുന്നില്ലെന്നും വിറ്റ്നസ് ലീ പറയുന്നു" എന്നു പറഞ്ഞു. ദൈവത്തിന്റെ ആലയത്തിനു വേണ്ടിയല്ലാത്ത ഏതൊരു ആത്മികതയും യഥാർഥമല്ല എന്ന് ആ ദൂതിൽ ഞാൻ ആവർത്തിച്ചു പറഞ്ഞു. നമ്മുടെ ആത്മികത സഭാജീവിതത്താൽ പരിശോധിക്കപ്പെടണം. നമ്മുടെ ആത്മികത സഭജീവിതത്തിലേക്ക് യോജിക്കുന്നില്ലെങ്കിൽ, അത് അസാധാരണമായ ഒരു ആത്മികതയാണ്. അത് ശരീരത്തിന് സഹായമാകുന്നില്ല; മറിച്ച്, അത് ഒരു അർബുദമാണ്. ആത്മികരെന്നു വിളിക്കപ്പെടുന്ന അനേകർ അർബുദങ്ങളാണ്. അർബുദം ശരീരത്തിലെ കോശങ്ങളുടെ ഒരു രോഗമാണ്. കീടങ്ങളിൽ നിന്ന് വ്യത്യസ്തമായി, ശരീരത്തിന്റെ ഘടകങ്ങൾ കോശങ്ങളാണ്; കോശങ്ങൾക്ക് യാതൊരു കുഴപ്പവുമില്ല. എന്നാൽ കോശങ്ങൾ ശരിയായി സംതുലിതമാക്കപ്പെടാതെയും കൂടുതൽ കേന്ദ്രീക്രിതമായിത്തീരുകയും ചെയ്താൽ, അവ ഒരു അർബുദമായി വികസിക്കും. പരിശോധിക്കപ്പെടുവാനോ, ക്രമീകരിക്കപ്പെടുവാനോ, സംതുലിതമാക്കപ്പെടുവാനോ കഴിയാത്തതും, സഭയുടെ കെട്ടുപണിയിലേക്ക് യോജിക്കുവാൻ കഴിയാത്തതുമായ ആത്മികത ഒരു അർബുദമാണ്.

ഫിലദെൽഫ്യയിലുള്ള സഭയോടു സംസാരിച്ചവൻ ദാവീദിന്റെ താക്കോൽ പിടിച്ചിരിക്കുന്നത് നമ്മെ വിശുദ്ധരോ ആത്മികരോ ആക്കുവാനല്ല, പ്രത്യുത നാം രൂപാന്തരപ്പെട്ട് പണിയപ്പെടേണ്ടതിന് നമ്മോട് ഇടപെടുവാനാണ്. ഒരിക്കൽ നാം പണിയപ്പെട്ടുകഴിഞ്ഞാൽ അവൻ നമുക്ക് ഒരു ആണിയായിത്തീരുകയും,

നാം അവന്മേൽ തൂങ്ങുന്ന പാത്രങ്ങളായിത്തീരുകയും ചെയ്യും. ഒന്നാമത്, ക്രിസ്തു ദാവീദിന്റെ താക്കോൽ പിടിക്കുകയും, ഒടുവിൽ അവൻ നമ്മെ പിടിക്കുകയും ചെയ്യുന്നു. നമ്മുടെ കാരാഗൃഹത്തിന്റെ വാതിൽ തുറക്കുവാൻ ക്രിസ്തു താക്കോൽ ഉപയോഗിച്ചു. സഭാജീവിതത്തിലേക്ക് വരുന്നതിനുമുമ്പ്, നാം എല്ലാവരും തടവിലാക്കപ്പെട്ടിരുന്നു. ഉദാഹരണത്തിന്, ചിലർ കത്തോലിക്കാമതത്തിന്റെ തുറുങ്കലിൽ അടയ്ക്കപ്പെട്ടിരുന്നു. എന്നാൽ നാം എവിടെയായിരുന്നെങ്കിലും, ദാവീദിന്റെ താക്കോൽ പിടിച്ചിരിക്കുന്നവനായ ക്രിസ്തു നമ്മുടെ കാരാഗൃഹം തുറക്കുകയും നമ്മെ മോചിപ്പിക്കുകയും ചെയ്തു. നമ്മുടെ അനുഭവമനുസരിച്ച്, ക്രിസ്തുവിനാൽ നമുക്കുവേണ്ടി തുറക്കപ്പെട്ട എല്ലാ വാതിലുകളും കാരാഗൃഹ വാതിലുകളാണ്. എതിർക്കുന്നവർ നമ്മെ തടവിലാക്കുവാനും, സഭയെ ഒരു കാരാഗൃഹമാക്കുവാനും തങ്ങളാലാവോളം ശ്രമിക്കുന്നുണ്ടെങ്കിലും, ക്രിസ്തുവിന്റെ കയ്യിൽ പിടിച്ചിരിക്കുന്ന താക്കോലിനാൽ നാം മോചിപ്പിക്കപ്പെട്ടരിക്കുന്നു. ഇന്നത്തെ ദാവീദെന്ന നിലയിൽ, ദൈവം തുറക്കുവാനാഗ്രഹിക്കുന്ന എന്തും തുറക്കുവാനുള്ള താക്കോൽ അവന്റെ പക്കലുണ്ട്. ഒരിക്കൽ അവൻ വാതിൽ തുറക്കുകയും നാം മോചിപ്പിക്കപ്പെടുകയും ചെയ്താൽ, നാം ദൈവഭവനത്തിലേക്ക് പ്രവേശിക്കുന്നു; അവിടെ ആണിയായ ക്രിസ്തുവിനാൽ പിടിക്കപ്പെട്ടിരിക്കുന്ന നിരവധി പാത്രങ്ങളോടുകൂടെ നാം അവന്റെ ഭവനക്കാരായിത്തീരുന്നു. നമ്മുടെ ചിന്താഗതിയിൽ നാം തുടരുന്നുവെങ്കിൽ, ഈ രീതിയിൽ നാം ക്രിസ്തുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നു എന്ന സാക്ഷാൽക്കാരമോ ബോധമോ നമുക്ക് ഉണ്ടായിരിക്കുകയില്ല. എന്നിരുന്നാലും, ക്രിസ്തു ദൈവത്തിന്റെ ഭവനത്തിലെ ആണിയാണ്, ഈ ആണിയാൽ നാം എല്ലാവരും ഭൂമിയിൽനിന്നു മുകളിലേക്കു പിടിക്കപ്പെട്ടിരിക്കുന്നു.

ഒന്നാമത്, നമ്മെ കാരാഗൃഹത്തിൽനിന്നു മോചിപ്പിക്കുവാൻ ക്രിസ്തു താക്കോൽ ഉപയോഗിക്കുന്നു. നാം മോചിപ്പിക്കപ്പെട്ട് ദൈവഭവനത്തിലേക്കു പ്രവേശിച്ചതിനുശേഷം, അവൻ നമ്മെ നിലത്തുനിന്നും ഉയർത്തിപ്പിടിക്കുന്ന ആണിയായിത്തീരുന്നു. അവൻ ഇതു ചെയ്യുന്നതിന്റെ ഉദ്ദേശ്യം നാം ദൈവത്തിന്റെ ഭവനത്തിൽ ഒരു തൂണായി രൂപാന്തരപ്പെടുക എന്നതാണ്. ആത്യന്തികമായി, തൂണുകളായ നാം പുതിയ യെരൂശലേമിന്റെ ഭാഗങ്ങളായിത്തീരും. നാം കാണുവാൻ പോകുന്നതുപോലെ, ക്രിസ്തു നമ്മുടെമേൽ പുതിയ യെരൂശലേം എന്ന നാമം എഴുതുന്നതിന്റെ അർത്ഥം നാം പുതിയ യെരൂശലേമിന്റെ ഒരു ഭാഗമായി രൂപാന്തരപ്പെട്ടിരിക്കുന്നു എന്നാണ്. നിങ്ങൾ ഇതു കാണുന്നുവെങ്കിൽ, നിങ്ങളുടെ കാഴ്ചപ്പാടു മാറും. കഴിഞ്ഞ കാലത്ത്, നിങ്ങൾ വിശുദ്ധിയെയോ ആത്മികതയെയോ പിൻപറ്റിയേക്കാം, എന്നാൽ

ലക്ഷ്യമില്ലാത്തെ ഒരു രീതിയിലായിരുന്നു നിങ്ങൾ വിശുദ്ധിയും ആത്മികതയും അന്വേഷിച്ചത്. നിങ്ങൾക്ക് വീക്ഷണത്തിൽ ദൈവത്തിന്റെ ലക്ഷ്യം ഉണ്ടായിരുന്നില്ല. വിശുദ്ധിയും ആത്മികതയും ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയായിരുന്നുവെന്ന് നിങ്ങൾ കണ്ടില്ല. ഇന്ന് യഥാർഥ ദാവീദായ ക്രിസ്തു നമ്മെ കാരാഗൃഹത്തിൽനിന്നു മോചിപ്പിക്കുവാൻ താക്കോൽ ഉപയോഗിക്കുന്നു. അതിനുശേഷം നാം പുതിയ യെരൂശലേമിന്റെ തൂണുകളായി രൂപാന്തരപ്പെടുന്നതിനും അതിന്റെ ഭാഗങ്ങളായിരിക്കുന്നതിനുമായി അവൻ നമ്മെ ദൈവത്തിന്റെ ഭവനത്തിലേക്കു കൊണ്ടുവരുന്നു. ഇതാണ് സഭാജീവിതവും, ഇതാണ് ദൈവത്തിന്റെ ആലയവും. ഈ ആലയത്തിനുള്ളിൽ നമ്മുടെ ക്രിസ്തു ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി നമ്മെ നിലത്തുനിന്നും ഉയർത്തിപ്പിടിച്ചിരിക്കുന്ന ഒരു വലിയ ആണിയാണ്.

## II. സഭയുടെ അവസ്ഥ

### A. അല്പമേ ശക്തിയുള്ളൂ

3:8-ൽ ഫിലദെൽഫ്യയിലുള്ള സഭയുടെ അവസ്ഥയെ നാം കാണുന്നു. ഒന്നാമത്, ഈ സഭയ്ക്ക് "അല്പമേ ശക്തിയുള്ളൂ." ഈ സഭ ശക്തവും പ്രബലവുമായിരുന്നുവെന്നു ചിന്തിച്ചുകൊണ്ട്, പലപ്പോഴും ഫിലദെൽഫ്യയിലുള്ള സഭയെ നാം ഉന്നതമായി കണക്കാക്കുന്നു. വാസ്തവത്തിൽ അത് അങ്ങനെയല്ലായിരുന്നു. നൂറ്റിയമ്പതു വർഷങ്ങൾക്കുമുമ്പ് ഇംഗ്ലണ്ടിൽ കർത്താവ് സഹോദരന്മാരെ എഴുന്നേല്പിച്ചപ്പോൾ അവരെല്ലാവരും ദാവീദിനെപ്പോലെ ആയിരുന്നിരിക്കണം എന്നു ചിലർ ചിന്തിച്ചേക്കാം. ഫിലദെൽഫ്യയിലുള്ള സഭയെ നാം വളരെ ഉന്നതമായി കണക്കാക്കുമ്പോൾ, അവൾക്ക് "അല്പമേ ശക്തിയുള്ളൂ" എന്ന് കർത്താവു പറയുന്നു. നാം ശക്തരായിരിക്കുന്നതല്ല കർത്താവിനെ പ്രസാദിപ്പിക്കുന്നത്, പിന്നെയോ നമ്മാലാവോളം കഴിയുന്നത് ചെയ്യുവാൻ നമ്മുടെ അല്പം ശക്തി ഉപയോഗിക്കുന്നതാണ്. ശക്തന്മാരായിരിക്കുവാൻ ശ്രമിക്കരുത്. ശക്തരായവർ തങ്ങൾക്കുള്ള അല്പം ശക്തികൊണ്ട് തങ്ങളാലാവോളം ചെയ്യുന്നവരെക്കാളധികം കർത്താവിനെ പ്രസാദിപ്പിക്കണമെന്നില്ല. കർത്താവു നിങ്ങൾക്കു നല്ലുന്നതിലപ്പുറം കവിയുവാൻ നിങ്ങൾക്ക് കഴിയുകയില്ല. അവനിൽനിന്ന് സ്വീകരിച്ചതുമാത്രം ചിലവാക്കുക. കർത്താവിന്റെ കൃപയെ അപഹരിക്കാതിരിക്കുക. കർത്താവിൽനിന്നും ഒന്നും പ്രാപിച്ചില്ല എന്ന് നമ്മിലാർക്കും പറയുവാൻ കഴിയുകയില്ല. നമ്മുടെ ഇടയിലെ ഏറ്റവും ചെറിയവൻപോലും ഒരു പ്രത്യേക അളവ് കൃപ അവനിൽനിന്നും സ്വീകരിച്ചിട്ടുണ്ട്. നിങ്ങളാലാവോളം അതിനെ

ഉപയോഗിച്ചുകൊണ്ട് ആ കൃപയെ നിങ്ങൾ ചിലവഴിക്കണം. നിങ്ങൾ ഇത് ചെയ്യുന്നുവെങ്കിൽ, "നല്ലത്. നിനക്ക് അല്പമേ ശക്തിയുള്ളൂവെങ്കിലും നിനക്കുള്ള ശക്തികൊണ്ട് നീ എന്റെ വചനം കാത്തു" എന്നു പറഞ്ഞുകൊണ്ട് കർത്താവു നിങ്ങളെ അഭിനന്ദിക്കും. ഒരു അതികായനാകുവാൻ ശ്രമിക്കരുത്. അതികായന്മാരിൽ കർത്താവ് സന്തുഷ്ടനല്ല. ഒരളവു കൃപയുള്ള ചെറിയവരിലാണ് അവൻ സന്തുഷ്ടനായിരിക്കുന്നത്. ആ കൃപ അതിന്റെ പ്രാപ്തിയിൽ പരിമിതിയുള്ളതാണെങ്കിലും, കർത്താവിന്റെ വചനത്തെ കാത്തുകൊള്ളുന്നതിന് നമുക്ക് കഴിയുന്നിടത്തോളം ചിലവഴിച്ചുകൊണ്ട് നാം അതിനെ ഉപയോഗിക്കുന്നിടത്തോളം അവൻ സന്തുഷ്ടനായിരിക്കും.

## B. കർത്താവിന്റെ വചനം കാത്തിരിക്കുന്നു

ഫിലദെൽഫ്യയിലുള്ള സഭ തന്റെ വചനം കാത്തുവെന്ന് വാക്യം 8-ൽ കർത്താവു പറഞ്ഞു. ഫിലദെൽഫ്യയുടെ ഒരു വിശിഷ്ടമായ വിശേഷഗുണം അവൾ കർത്താവിന്റെ വചനം കാത്തു എന്നതാണ്. ചരിത്രമനുസരിച്ച്, ഫിലദെൽഫ്യയിലുള്ള സഭയിലുള്ളവരെപ്പോലെ ഇത്ര ഗൗരവമായി കർത്താവിന്റെ വചനം മറ്റ് ക്രിസ്ത്യാനികൾ ആരുംതന്നെ കാത്തിട്ടില്ല. അതുപോലെ, അവന്റെ കൃപയാൽ, ഇന്നു നാമും അവന്റെ വചനം കാക്കുന്നു. നാം വചനവിരുദ്ധരാണെന്നു പറഞ്ഞുകൊണ്ട് അനേകർ നമ്മെ കുറ്റം വിധിക്കുന്നുവെങ്കിലും, ഇന്നത്തെ ക്രിസ്ത്യാനികളുടെ ഇടയിൽ ആരും നമ്മെക്കാളധികം കർത്താവിന്റെ വചനത്തെ ആദരിക്കുന്നില്ല. നാം പരമ്പരാഗതമായ രീതിയിലല്ല, നിർമലമായ വചനത്തിന്റെ രീതിയിൽ ദൈവവചനത്തെ കാക്കുന്നു. തങ്ങളുടെ പൂർവപിതാക്കന്മാരുടെ പാരമ്പര്യത്തെ പിടിച്ചുകൊള്ളുവാൻ ആഗ്രഹിക്കുന്നവരെ ഇതു വ്രണപ്പെടുത്തുന്നു. ഫിലദെൽഫ്യയിലുള്ള സഭ പാരമ്പര്യത്തിനായി കരുതുന്നില്ല; അവൾ ദൈവവചനത്തിനായാണ് കരുതുന്നത്.

## C. കർത്താവിന്റെ നാമം നിഷേധിച്ചില്ല

ഫിലദെൽഫ്യയിലുള്ള സഭ കർത്താവിന്റെ നാമത്തെ നിഷേധിച്ചിട്ടില്ലെന്നും വാക്യം 8-ൽ കർത്താവു പറഞ്ഞു. പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് ഇംഗ്ലണ്ടിൽ സഹോദരന്മാർ എഴുന്നേല്പിക്കപ്പെട്ടപ്പോൾ മുതൽ കർത്താവിന്റെ നാമമല്ലാതെ മറ്റൊരു നാമം അവർ എടുത്തിട്ടില്ല. വചനം ദൈവത്തിന്റെ ആവിഷ്കാരവും, നാമം കർത്താവു തന്നെയും ആണ്. വിശ്വാസത്യാഗിനിയായ സഭ കർത്താവിന്റെ വചനത്തിൽനിന്നു വ്യതിചലിച്ചുപോകുകയും വചനവിരുദ്ധയായിത്തീരുകയും ചെയ്തു. നവീകരിക്കപ്പെട്ട സഭ ഒരു അളവോളം കർത്താവിന്റെ വചനത്തിലേക്കു പ്രത്യുദ്ധരിക്കപ്പെട്ടുവെങ്കിലും, ലൂഥറൻ, വെസ്ലിയൻ, ആംഗ്ലിക്കൻ,

പ്രസ്ബിറ്റേറിയൻ, ബാപ്റ്റിസ്റ്റ് മുതലായ നാമങ്ങളുമായി അവളെത്തന്നെ വിഭാഗീകരിച്ചതിലൂടെ കർത്താവിന്റെ നാമത്തെ നിഷേധിച്ചിരിക്കുന്നു. പ്രത്യുദ്ധരിക്കപ്പെട്ട സഭ പൂർണ്ണമായ ഒരു രീതിയിൽ കർത്താവിന്റെ വചനത്തിലേക്ക് മടങ്ങിവന്നുവെന്നു മാത്രമല്ല, കർത്താവായ യേശു ക്രിസ്തുവിന്റെ നാമമല്ലാത്ത സകല നാമങ്ങളെയും ഉപേക്ഷിക്കുകയും ചെയ്തു. പ്രത്യുദ്ധരിക്കപ്പെട്ട സഭ പൂർണ്ണമായും കർത്താവിനു സ്വന്തമാണ്; യാതൊരു വിഭാഗങ്ങളുമായും (യാതൊരു പേരുകളുമായും) അവൾക്ക് കാര്യമില്ല. കർത്താവിന്റെ വചനത്തിൽനിന്നു വ്യതിചലിക്കുന്നത് വിശ്വാസത്യാഗവും, കർത്താവിന്റെ നാമമല്ലാത്ത മറ്റേതെങ്കിലും നാമത്തെക്കൊണ്ട് സഭയെ വിഭാഗീകരിക്കുന്നത് ആത്മിക പരസംഗവുമാണ്. ക്രിസ്തുവിനോടു വിവാഹനിശ്ചയം ചെയ്യപ്പെട്ട നിർമല കന്യകയെന്ന നിലയിൽ (2 കൊരി. 11:2) സഭയ്ക്ക് അവളുടെ ഭർത്താവിന്റെ നാമമല്ലാതെ മറ്റൊരു നാമവും ഉണ്ടായിരിക്കരുത്. മറ്റെല്ലാ നാമങ്ങളും ദൈവത്തിന്റെ കണ്ണുകളിൽ മ്ലേച്ഛതയാണ്. പ്രത്യുദ്ധരിക്കപ്പെട്ട സഭാജീവിതത്തിൽ നമുക്ക് ബിലെയാമിന്റെ ഉപദേശങ്ങളും (2:14), നിക്കൊലാവ്യരുടെ ഉപദേശങ്ങളും (2:15), ഈസേബെലിന്റെ ഉപദേശങ്ങളും (2:20), സാത്താന്റെ ആഴമുള്ള ഉപദേശങ്ങളും (2:24) ഇല്ല; നമുക്ക് കർത്താവിന്റെ നിർമല വചനം മാത്രമേയുള്ളൂ. ആമേൻ! പ്രത്യുദ്ധരിക്കപ്പെട്ട സഭയ്ക്ക് വിഭാഗങ്ങൾ (പേരുകൾ) ഇല്ല, കർത്താവായ യേശു ക്രിസ്തുവിന്റെ നിസ്തുലമായ നാമമേയുള്ളൂ. വചനത്തിൽനിന്നും വചനവിരുദ്ധതയിലേക്കും, ക്രിസ്തുവിന്റെ നാമമല്ലാത്ത മറ്റനേകം നാമങ്ങളെ ഉയർത്തുന്നതിലേക്കുമുള്ള വ്യതിചലനം അധഃപതിച്ച ക്രിസ്തുമതത്തിന്റെ ഏറ്റവും ശ്രദ്ധേയമായ അടയാളങ്ങളാണ്. സകല വചനവിരുദ്ധതയിൽ നിന്നും, പാരമ്പര്യങ്ങളിൽനിന്നും നിർമലമായ വചനത്തിലേക്കുള്ള മടങ്ങിവരവും, എല്ലാ പേരുകളെയും ഉപേക്ഷിച്ചുകൊണ്ട് കർത്താവിന്റെ നാമത്തെ ഉയർത്തുന്നതും പ്രത്യുദ്ധരിക്കപ്പെട്ട സഭയിലെ ഏറ്റവും പ്രചോദനാത്മകമായ സാക്ഷ്യമാണ്. ഇതുകൊണ്ടാണ് കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ സഭയ്ക്ക് വെളിപാടും കർത്താവിന്റെ സാന്നിധ്യവും ഉണ്ടായിരിക്കുന്നതും, അത് വെളിച്ചത്താൽ നിറഞ്ഞും ജീവന്റെ സമ്പന്നതയോടുംകൂടെ, ജീവനുള്ള രീതിയിൽ കർത്താവിനെ ആവിഷ്കരിക്കുന്നതും.

സകല നാമത്തിനും മേലായ, സകലത്തിനും മതിയായ ഒരു നാമം നമുക്കുള്ളതുകൊണ്ട്, നമുക്ക് ലൂഥറൻ, മെതഡിസ്റ്റ്, ബാപ്റ്റിസ്റ്റ്, എപ്പിസ്കോപാലിയൻ എന്നീ പേരുകളോ, മറ്റേതെങ്കിലും പേരുകളോ ആവശ്യമില്ല. നമുക്ക് ഒരു നാമം മാത്രമേ ഉള്ളൂ— നമ്മുടെ രക്ഷകനായ, ദൈവപുത്രനായ കർത്താവായ യേശു ക്രിസ്തുവിന്റെ നാമം. ഒരു നാമം എടുക്കുന്നത് ഗൗരവമുള്ള ഒരു കാര്യമാണ്. നിങ്ങൾ മിസ്സിസ്സ് സ്മിത്ത് ആണെന്ന്

വിചാരിക്കുക. നിങ്ങൾ മിസ്സിസ്സ് ജോൺസിന്റെ പേര് സ്വീകരിക്കുന്നുവെങ്കിൽ, അതു സൂചിപ്പിക്കുന്നത് നിങ്ങൾ പരസംഗം ചെയ്യു എന്നാണ്. സഭയ്ക്ക് ഒരു ഭർത്താവ്, യേശു ക്രിസ്തുവിന്റെ നാമമായ ഏകനാമം, മാത്രമേ ഉണ്ടായിരിക്കുവാൻ പാടുള്ളൂ. കഴിഞ്ഞ കാലങ്ങളിൽ, സംഘടനകളിലുള്ള ചില സ്നേഹിതർ എന്നോടു ചോദിച്ചു, "എന്തുകൊണ്ടാണ് നിങ്ങളെത്തന്നെ നിങ്ങൾ സഭയെന്നു വിളിക്കുന്നത്? ഞങ്ങൾ സഭയല്ല എന്നു നിങ്ങൾ എന്തുകൊണ്ടാണു പറയുന്നത്?" ഞാൻ പറഞ്ഞു, "നിങ്ങളെത്തന്നെ നിങ്ങൾ പ്രസ്ബിറ്റേറിയൻ എന്നു വിളിക്കുന്നു. ഇതിന് നിങ്ങൾ എന്നെ കുറ്റം പറയരുത്—നിങ്ങൾതന്നെയാണ് ഈ രീതിയിൽ നിങ്ങളെ നാമകരണം ചെയ്തത്. നിങ്ങൾ സഭയാണെങ്കിൽ, എന്തുകൊണ്ട് ഈ രീതിയിൽ നിങ്ങളെത്തന്നെ നിങ്ങൾ നാമകരണം ചെയ്തു? നിങ്ങൾ മിസ്സിസ്സ് സ്മിത്ത് ആണോ? പിന്നെ നിങ്ങൾ എന്തുകൊണ്ടാണ് നിങ്ങളെത്തന്നെ മിസ്സിസ്സ് ജോൺസ് എന്നു വിളിക്കുന്നത്? ഞാൻ നിങ്ങളെ മിസ്സിസ്സ് ജോൺസ് എന്നു വിളിക്കുകയും, ഞാൻ എന്നെ മിസ്സിസ്സ് സ്മിത്ത് എന്നു പറയുകയും ചെയ്യുമ്പോൾ നിങ്ങൾ അസൂയപ്പെടുന്നു. ഇതിന് നിങ്ങൾ എന്നെ കുറ്റംപറയരുത്, കാരണം നിങ്ങൾതന്നെ നിങ്ങളെ മിസ്സിസ്സ് ജോൺസ് എന്നു വിളിച്ചിരിക്കുന്നു." ഇതിനുശേഷം, അവരുടെ വായെല്ലാം അടഞ്ഞു. ഒരു പേര് ചെറിയ ഒരു കാര്യമാണെന്ന് ചിന്തിക്കരുത്. നാം കർത്താവിന്റെ നാമത്തിൽ രക്ഷിക്കപ്പെട്ടിരിക്കുന്നു. അവന്റെ നാമമൊഴികെ മറ്റൊരു നാമവും നാം ഒരിക്കലും എടുക്കരുത്. യേശു ക്രിസ്തുവിന്റെ നാമമൊഴികെ മറ്റൊരു നാമവും തനിക്ക് ഉണ്ടായിരിക്കുകയില്ല എന്ന് ജോൺ വെസ്ലിയുടെ ഒരു സമകാലികനായിരുന്ന ജോർജ്ജ് വൈറ്റ്ഫീൽഡ് ഒരിക്കൽ പ്രഖ്യാപിച്ചിരുന്നു. വൈറ്റ്ഫീൽഡ് ഒരു ഇംഗ്ലീഷുകാരനായിരുന്നെങ്കിലും, ചർച്ച് ഓഫ് ഇംഗ്ലണ്ട് എന്ന പേരിനോട് ഇനി ഒരിക്കലും സംബന്ധമില്ലാത്തവനായി ആ പേരിനെ അവൻ ഉപേക്ഷിച്ചു. ഫിലദെൽഫ്യയിലുള്ള സഭ കർത്താവിന്റെ നാമത്തെ നിഷേധിക്കുന്നില്ല; അവന്റേതല്ലാത്ത ഒരു നാമവും അവൾക്കില്ല.

"ഞങ്ങൾ ഒരിക്കലും കർത്താവിന്റെ നാമം നിഷേധിച്ചിട്ടില്ല" എന്നു പറഞ്ഞുകൊണ്ട് ചില ആളുകൾ ഞങ്ങളോട് തർക്കിച്ചിട്ടുണ്ട്. "അതെ, നിങ്ങൾ ഒരിക്കലും അവന്റെ നാമം നിഷേധിച്ചിട്ടില്ല, പക്ഷെ, അവന്റെ നാമത്തെ കൂടാതെയും അതിനെക്കാൾ മുകളിലുമായി മറ്റൊരു നാമം നിങ്ങൾ എടുത്തിട്ടുണ്ട്. ഇപ്പോൾ നിങ്ങൾക്ക് രണ്ടു നാമങ്ങളുണ്ട്. എന്തുകൊണ്ടാണ് നിങ്ങൾ മറ്റെ നാമത്തെ ഉപേക്ഷിക്കാത്തത്? നിങ്ങൾ മറ്റെ നാമത്തെ ഉപേക്ഷിക്കുമെങ്കിൽ നമുക്ക് ഒന്നായിരിക്കുവാൻ കഴിയുമായിരുന്നു. മറ്റെല്ലാ നാമങ്ങളും ഭിന്നത വരുത്തുന്നു. നിങ്ങൾ നിങ്ങളെത്തന്നെ പ്രസ്ബിറ്റീരിയൻ എന്നു വിളിക്കുന്നു. ഞാൻ ആ നാമത്തെ വെറുക്കുന്നു, കാരണം

ഞാൻ ആ നാമം എടുക്കുന്നുവെങ്കിൽ അത് എന്നെ ഒരു പരസംഗക്കാരാനാക്കുന്നു. നിങ്ങൾ അതിനെ ഇഷ്ടപ്പെടുകയും ഞാൻ അതിനെ വെറുക്കുകയും ചെയ്യുന്നതിനാൽ, നിങ്ങൾ ഇപ്പോഴും അതിനെ പിടിച്ചുകൊള്ളുന്നുവെങ്കിൽ, നമുക്കെങ്ങനെ ഒന്നായിരിക്കുവാൻ കഴിയും? എന്നാൽ നിങ്ങൾ ഈ നാമത്തെ ഉപേക്ഷിക്കുമെങ്കിൽ ഉടൻതന്നെ നാം കർത്താവായ യേശു ക്രിസ്തുവിന്റെ നിസ്തുലമായ നാമത്തിൽ ഒന്നായിരിക്കും" എന്ന് ഞങ്ങൾ ഉത്തരം പറഞ്ഞു. അവരുടെ സഭാകെട്ടിടത്തിന്റെ വെളിയിലുള്ള പേര് പുറമെയുള്ള വെറുമൊരു അടയാളമാണെന്നും അതിനെക്കുറിച്ച് വാസ്തവമായും അവർ ഗൗനിക്കുന്നില്ലെന്നും ചിലർ പറഞ്ഞിട്ടുണ്ട്. അവർ അതിനെക്കുറിച്ച് ഗൗനിക്കുന്നില്ലെങ്കിൽ, ആ അടയാളത്തെ നീക്കുന്നതിലൂടെ ഇപ്രകാരം അവരുടെ സത്യസന്ധത അവർ തെളിയിക്കണം. എന്നാൽ "സഭയുടെ" ഭരണസമിതി അവരെ തടസ്സപ്പെടുത്തുമെന്നതുകൊണ്ട് അതു ചെയ്യുവാൻ അവർക്ക് കഴിയുകയില്ലെന്ന് ചിലർ പറഞ്ഞിട്ടുണ്ട്. ഇതിന് ഞാൻ പറഞ്ഞു, "അങ്ങനെയെങ്കിൽ ഭിന്നതയ്ക്കുള്ള ഉത്തരവാദിത്തം നിങ്ങൾ വഹിക്കണം."

## D. തുറന്നു വച്ചിരിക്കുന്ന വാതിൽ

വാക്യം 8-ൽ കർത്താവു പറഞ്ഞു, "ഇതാ, ഞാൻ ആർക്കും അടയ്ക്കുവാൻ കഴിയാത്ത ഒരു തുറന്ന വാതിൽ നിനക്കു മുമ്പാകെ വച്ചിരിക്കുന്നു." ദാവീദിന്റെ താക്കോലുള്ളവനും ആരും അടയ്ക്കാതവണ്ണം തുറക്കുന്നവനുമെന്ന നിലയിൽ, കർത്താവ് പ്രത്യുദ്ധരിക്കപ്പെട്ട സഭയ്ക്ക് "ആർക്കും അടയ്ക്കുവാൻ കഴിയാത്ത ഒരു തുറന്ന വാതിൽ" കൊടുത്തിരിക്കുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, ശരിയായ സഭാജീവിതത്തിന്റ പ്രത്യുദ്ധാരം ആരംഭിച്ചതുമുതൽ ഇന്നുവരെയും, ഒരു വാതിൽ എപ്പോഴും കർത്താവിന്റെ പ്രത്യുദ്ധാരത്തിന് വിശാലമായി തുറക്കപ്പെട്ടിരിക്കുന്നു. സംഘടിത ക്രിസ്തുമതം വാതിൽ അടയ്ക്കുവാൻ ശ്രമിക്കുന്തോറും, അതു വിശാലമായി തുറന്നിരിക്കുന്നു. വളരെയധികം എതിർപ്പുണ്ടായിട്ടും, ഇന്ന് വാതിൽ ലോകവ്യാപകമായി തുറന്നിരിക്കുന്നു. സഭയുടെ തലയുടെ കയ്യിലാണ് താക്കോൽ; അത് എതിർക്കുന്നവരുടെ കയ്യിലല്ല. ഹല്ലേലൂയ്യാ, നമുക്കൊരു തുറന്ന വാതിലുണ്ട്! കഴിഞ്ഞ അമ്പതു വർഷങ്ങളായി, ഈ വാതിൽ അടയ്ക്കുവാൻ സംഘടനകൾ തങ്ങളാലാവോളം ശ്രമിച്ചിട്ടുണ്ട്. എന്നാൽ അതിനെ അടയ്ക്കുവാൻ അവർ എത്രയധികം പരിശ്രമിച്ചുവോ, അത്രയുമധികം കർത്താവ് അതു തുറന്നിരിക്കുന്നു. ഇന്ന് കർത്താവിന്റെ പ്രത്യുദ്ധാരത്തിന് ഒരു തുറന്ന വാതിൽ ഉണ്ടെന്നത് ആർക്കും നിഷേധിക്കുവാൻ കഴിയുകയില്ല. താക്കോൽ കർത്താവിന്റെ കയ്യിലാണ്. നാം

അവന്റെ പ്രത്യുദ്ധാരത്തിലായിരിക്കുന്നിടത്തോളം, വാതിൽ എപ്പോഴും നമുക്കു തുറന്നിരിക്കും.

## III. യെഹൂദമതത്തിന്റെ കീഴടങ്ങൽ

വാക്യം 9 പറയുന്നു, "ഇതാ, യെഹൂദരല്ലാതിരിക്കേ കളവായി, തങ്ങളെത്തന്നെ യെഹൂദർ എന്നു വിളിക്കുന്ന, സാത്താന്റെ സിനഗോഗിൽ നിന്നുള്ളവരെ—ഇതാ, വന്നു നിന്റെ കാൽക്കൽ സാഷ്ടാംഗം വീഴുവാനും ഞാൻ നിന്നെ സ്നേഹിച്ചു എന്ന് അറിയുവാനും ഞാൻ ഇടവരുത്തും." മധ്യസ്ഥത വഹിക്കുന്ന പുരോഹിതന്മാരും, അക്ഷരങ്ങളിലെ ചട്ടങ്ങളും, ഭൗതിക ആലയവും, ഭൗമിക വാഗ്ദത്തങ്ങളും അടങ്ങുന്ന യെഹൂദമതത്തെ യെഹൂദന്മാരുടെ സിനഗോഗ് പിടിച്ചിരിക്കുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന നാലു കാര്യങ്ങൾ പിടിച്ചിരിക്കുന്നതിലുള്ള അതിന്റെ തെറ്റും ശാഠ്യവും തുറന്നുകാണിച്ചതിലൂടെ പ്രത്യുദ്ധരിക്കപ്പെട്ട സഭ യെഹൂദമതത്തെ കീഴടക്കുകയും, കർത്താവ് അവളെ സ്നേഹിച്ചുവെന്ന് യെഹൂദന്മാർ അറിയുമാറാക്കുകയും ചെയ്തിരിക്കുന്നു. പതിനൊന്നാമത്തെ ദൂതിൽ നാം ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ യെഹൂദമതാനുസാരികൾ ജഡത്തിൽ യെഹൂദന്മാരായിരുന്നെങ്കിലും ആത്മാവിൽ അല്ലായിരുന്നു. അവരുടെ പാരമ്പരാഗത മതധാരണകളെ പറ്റിപ്പിടിച്ചിരുന്നതിലുള്ള അവരുടെ ശാഠ്യംനിമിത്തം അവർ ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്ന ദൈവത്തിന്റെ ജീവവഴിയെ എതിർക്കുന്നതിൽ സാത്താനുമായി ഒന്നായിത്തീർന്നു. ഇക്കാരണത്താൽ കർത്താവ് അവരെ "സാത്താന്റെ സിനഗോഗ്" എന്നു വിളിച്ചു. എന്നിരുന്നാലും, ഫിലദെൽഫ്യയിലുള്ള സഭയ്ക്കുള്ള ലേഖനമനുസരിച്ച്, എതിർക്കുന്ന യെഹൂദന്മാർ സഭയുടെ മുമ്പാകെ കീഴ്പെടുത്തപ്പെടുകയും സഭയോടുള്ള കർത്താവിന്റെ സ്നേഹം അവർക്ക് അറിയുമാറാക്കുകയും ചെയ്തു.

എല്ലാ വിഭാഗങ്ങളും വാസ്തവത്തിൽ ഇന്നത്തെ സിനഗോഗുകളാണ്. ഒരു സിനഗോഗ് എന്താണെന്ന് നിങ്ങൾക്കറിയാമോ? ആവർത്തനം പന്ത്രണ്ട്, പതിന്നാല്, പതിനഞ്ച്, പതിനാറ് എന്നീ അധ്യായങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ, ഭൂമിയിൽ നിസ്തുലമായ ഒരു ആലയം ഉണ്ടായിരിക്കണം എന്നതാണ് ദൈവത്തിന്റെ വ്യവസ്ഥ. ദൈവം തിരഞ്ഞെടുക്കുന്ന സ്ഥലമല്ലാതെ മറ്റൊരിടം അവരുടെ ആരാധനാകേന്ദ്രമായി ഉണ്ടായിരിക്കരുതെന്ന് ആവർത്തനത്തിൽ അവൻ തന്റെ ജനത്തോട് ആജ്ഞാപിച്ചു. തിരഞ്ഞെടുക്കപ്പെട്ട ആ സ്ഥലം യെരൂശലേം ആയിരുന്നു; തിരഞ്ഞെടുക്കപ്പെട്ട സ്ഥാനത്ത് ദൈവത്തിന് ആലയം പണിതിരുന്നു. നിസ്തുലമായ ഈ ആലയം ദൈവത്തിന്റെ സാക്ഷ്യം ഏകമായിരിക്കണം എന്നു സൂചിപ്പിക്കുക മാത്രമല്ല ചെയ്യുന്നത്,

അത് ദൈവജനത്തിന്റെ ഒരുമ കാക്കുകയും ചെയ്യുന്നു. എന്നാൽ ഒടുവിൽ, ദൈവത്തിന്റെ ജനം അധഃപതിച്ചുപോകുകയും, ഈ അധഃപതനം നിമിത്തം ഭിന്നത കടന്നുവരികയും ചെയ്തു. ഈ ഭിന്നതയുടെ ഫലമായി, അവരുടെ ഐക്യം നഷ്ടപ്പെട്ടിട്ട് ദൈവജനം ചിതറിപ്പോയിരുന്നു. അവർക്ക് അപ്പോഴും ദൈവത്തെ ആരാധിക്കണമായിരുന്നെങ്കിലും, യെരൂശലേമിലെ നിയോഗിക്കപ്പെട്ട സ്ഥാനത്തല്ലാതെ ആലയം പണിയുവാനുള്ള അവകാശം ഇല്ലാതിരുന്നതിനാൽ, അവർ സിനഗോഗുകൾ എന്നു വിളിക്കപ്പെട്ട ആരാധനാകേന്ദ്രങ്ങൾ സ്ഥാപിച്ച് അവിടേക്ക് പോയി. അധഃപതിച്ച ഒരു ആരാധനാകേന്ദ്രമാണ് സിനഗോഗ്. ഒരു ആലയം മാത്രമേ ഉണ്ടായിരിക്കാവൂ, എന്നാൽ അനേകം സിനഗോഗുകൾ ഉണ്ട്, അവയെല്ലാം ഭിന്നത ഉണ്ടാക്കുന്നതാണ്. ഇത് സഭയുടെ അധഃപതനത്തിന്റെ ഒരു മുൻകുറിയാണ്. നാം ഈ മുൻകുറിയെ സഭാസാഹചര്യത്തോടു പ്രയോഗിക്കുമ്പോൾ, ദൈവത്തിന്റെ വ്യവസ്ഥയിൽ സഭ നിസ്തുലമായി ഒന്നാണെന്ന് നാം കാണുന്നു. എന്നാൽ അധഃപതനം നിമിത്തം സഭ ഭിന്നിക്കപ്പെട്ടിരിക്കുന്നു. ഓരോ വിഭാഗത്തിലും ഒരു ആരാധനാകേന്ദ്രം ഉണ്ട്. ഈ ആരാധനാകേന്ദ്രങ്ങൾ ഇന്നത്തെ സിനഗോഗുകളായിത്തീർന്നു. ആലയം നിസ്തുലവും സിനഗോഗുകൾ നിരവധിയും ആയിരുന്നതുപോലെ, സഭ നിസ്തുലവും സംഘടനകളും വിഭാഗങ്ങളും നിരവധിയും ആണ്.

ഏഴു സഭകൾക്കുള്ള ലേഖനങ്ങൾ എഴുതുമ്പോൾ, സഭ യെഹൂദന്മാരുടെ സിനഗോഗിനാൽ ദുഷിപ്പിക്കപ്പെട്ടിരുന്നു (2:9). എന്നാൽ ഒടുവിൽ, കർത്താവ് ഫിലദെൽഫ്യയിലുള്ള സഭയെ സ്നേഹിച്ചുവെന്ന് സിനഗോഗ് തിരിച്ചറിഞ്ഞു. മുൻകുറിശാസ്ത്രത്തിൽ, ഇത് ഏകദേശം നൂറ്റമ്പതു വർഷങ്ങൾക്കുമുമ്പ് കർത്താവു എഴുന്നേല്പിച്ച ഫിലദെൽഫ്യയിലുള്ള സഭയുടെ ഒരു യഥാർഥ അടയാളമാണ്. 1820-കളുടെ അവസാനത്തിൽ ഫിലദെൽഫ്യയിലുള്ള സഭയുടെ നിറവേറലെന്ന നിലയിൽ ഇംഗ്ലണ്ടിൽ സഹോദരന്മാർ എഴുന്നേല്പിക്കപ്പെട്ടു. ആ സമയത്ത് യെഹൂദ സിനഗോഗുകളാലല്ല, അവരെ വിമർശിക്കുകയും ദുഷിക്കുകയും ചെയ്ത സംഘടനകളുടെ സിനഗോഗുകളാൽ അവർ ചുറ്റപ്പെട്ടിരുന്നു. കഴിഞ്ഞ അമ്പതു വർഷങ്ങളായി നാമും ദൂഷണത്തിനും കിംവദന്തികൾക്കും ഇരയായിരുന്നു; ഇന്നും നമ്മെക്കുറിച്ച് കിംവദന്തികളും ദൂഷണങ്ങളും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ കിംവദന്തികളുടെയും ദൂഷണങ്ങളുടെയും ഉറവിടം ഇന്നത്തെ സിനഗോഗുകളാണ്. എന്നിരുന്നാലും, കർത്താവു പ്രത്യുദ്ധാരത്തെ സ്നേഹിക്കുന്നു എന്നത് നിഷേധിക്കുവാൻ കഴിയാത്തതാണ്; ഒടുവിൽ എല്ലാ ദൂഷകരും ഈ വസ്തുത സമ്മതിക്കും.

ചിലർ നമ്മെ ദുഷിക്കുമ്പോൾ, ചിലർ പറയുന്നു, "എന്തുകൊണ്ടാണ് അവർ ഇത്രമാത്രം ശക്തരായിരിക്കുന്നതെന്ന് വിശദീകരിക്കുവാൻ

ഞങ്ങൾക്കു കഴിയുന്നില്ല." മറ്റു ചിലർ സാക്ഷീകരിക്കുന്നത്, "അവർ വാസ്തവമായും വേദപുസ്തകം അറിയുന്നു." ഇനിയും മറ്റു ചിലർ, "അവർക്ക് എപ്പോഴും പുതിയ വെളിച്ചമുണ്ട്" എന്നു ഏറ്റുപറയുന്നു. നമുക്കുള്ള ഏതൊരു വെളിച്ചവും പരിജ്ഞാനവും ദാവീദിന്റെ താക്കോൽ പിടിച്ചിരിക്കുന്നവനിൽനിന്നുള്ള അനുഗ്രഹത്തിൽനിന്നു വരുന്നു. ഞാൻ എന്നെക്കുറിച്ചുതന്നെ പ്രശംസിക്കുന്നില്ലെങ്കിലും, കർത്താവിന്റെ അനുഗ്രഹത്തെക്കുറിച്ച് എനിക്കു പ്രശംസിക്കാം. ഈ രാജ്യത്തിലെ കർത്താവിന്റെ പ്രത്യുദ്ധാരം മനുഷ്യന്റെ വേലയല്ല. ഇങ്ങനെയുള്ള ഒരു വേല ആർക്കു ചെയ്യുവാൻ കഴിയും? എനിക്ക് തീർച്ചയായും കഴിയുകയില്ല. ഒടുവിൽ, കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ വിമർശകരെല്ലാം കീഴ്പെടുത്തപ്പെടുകയും യേശുക്രിസ്തു നമ്മെ സ്നേഹിക്കുന്നുവെന്ന് തിരിച്ചറിയുകയും ചെയ്യും. ഇനിയും അല്പസമയത്തേക്ക് കാത്തിരിക്കുക; കർത്താവു തന്റെ സഭകളെ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് നിങ്ങൾ ഇനിയും അധികമായി കാണും. സകല വിഭാഗങ്ങളുടെയും മുമ്പിൽ അവന്റെ സഭയെ അവൻ സമർത്ഥിക്കും. നമ്മുടെ വേല ക്രിസ്തുമതത്തിന്റെ പൊതുവായ വേലയോ, മാനുഷിക നിയന്ത്രണത്തിൻ കീഴിലുള്ള ഒരു വേലയോ അല്ല. ഇത് അവന്റെ പ്രത്യുദ്ധാരവേലയാണ്. ഇതാണ് കർത്താവിന്റെ ഹൃദയാഗ്രഹം, ഇതിനെ അവൻ സ്നേഹിക്കുന്നു. ജനം ഈ വിഷയത്തെ സ്പർശിക്കുമ്പോൾ അവർ അവന്റെ കണ്ണിന്റെ കൃഷ്ണമണിയെ സ്പർശിക്കുന്നു. കർത്താവു ഫിലദെൽഫ്യയെ സ്നേഹിക്കുന്നു; സഭയ്ക്കുവേണ്ടിയുള്ള കർത്താവിന്റെ സ്നേഹം തങ്ങൾക്ക് അറിയുമാറാക്കിയതുകൊണ്ട് സാത്താന്റെ സിനഗോഗിലെ എതിർക്കുന്ന യെഹൂദന്മാർ സഭയുടെ മുമ്പാകെ കീഴ്പെടുത്തപ്പെട്ടിരിക്കുന്നു.

## IV. കർത്താവിന്റെ ആജ്ഞ

വാക്യം 11-ൽ നാം കർത്താവിന്റെ ആജ്ഞ കാണുന്നു: "ഞാൻ വേഗം വരുന്നു; നിന്റെ കിരീടം ആരും എടുക്കാതിരിക്കേണ്ടതിന് നിനക്കുള്ളതിനെ മുറുകെപ്പിടിച്ചുകൊള്ളുക." പ്രത്യുദ്ധരിക്കപ്പെട്ട സഭ കിരീടം നേടിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ, കർത്താവു മടങ്ങി വരുന്നതുവരെ കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ അവൾക്കുള്ളത് അവൾ പിടിച്ചുകൊള്ളുന്നില്ലെങ്കിൽ, അവളുടെ കിരീടം മറ്റൊരുവൻ എടുത്തേക്കും.

## V. ജയാളിക്കുള്ള കർത്താവിന്റെ വാഗ്ദത്തം

ഫിലദെൽഫ്യയിലെ ജയാളികൾക്കുള്ള വാഗ്ദത്തത്തെ ഇനി നമുക്കു നോക്കാം (വാ. 10-12). ഈ ലേഖനത്തിൽ ജയിക്കുകയെന്നാൽ പ്രത്യുദ്ധരിക്കപ്പെട്ട സഭയിൽ നമുക്കുള്ളതിനെ മുറുകെപ്പിടിച്ചുകൊള്ളുന്നാണ്.

## A. പരീക്ഷാകാലത്ത് കാക്കുന്നത്

വാക്യം 10 പറയുന്നു, "എന്റെ സഹിഷ്ണുതയുടെ വചനം നീ കാത്തതിനാൽ, ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കുവാനായി, ആൾപ്പാർപ്പുള്ള സർവഭൂമിയിന്മേലും വരുവാനിരിക്കുന്ന, പരീക്ഷയുടെ നാഴികയിൽനിന്ന് ഞാനും നിന്നെ കാക്കും." "എന്റെ സഹിഷ്ണുതയുടെ വചനം" കർത്താവിന്റെ കഷ്ടതയെക്കുറിച്ചുള്ള വചനമാണ്. കർത്താവ് ഇന്നും തന്റെ സഹിഷ്ണുതയോടുകൂടെ തിരസ്കരണവും ഉപദ്രവവും സഹിച്ചുകൊണ്ടിരിക്കുന്നു. നാം അവന്റെ രാജ്യത്തിൽ മാത്രമല്ല, അവന്റെ സഹിഷ്ണുതയിലും സഹപങ്കാളികളാണ് (1:9). ഇക്കാരണത്താൽ, ഇന്ന് നമ്മോടുള്ള അവന്റെ വചനം സഹിഷ്ണുതയുടെ വചനമാണ്. അവന്റെ സഹിഷ്ണുതയുടെ വചനം നാം കാക്കേണ്ടതിന് നാം അവന്റെ തിരസ്കരണത്തെയും ഉപദ്രവത്തെയും സഹിക്കണം.

ഈ വാക്യത്തിലെ "പരീക്ഷ" അഞ്ചാമത്തെയും, ആറാമത്തെയും, ഏഴു കലശങ്ങളോടുകൂടിയ ഏഴാമത്തെയും കാഹളങ്ങൾ സൂചിപ്പിക്കുന്നതുപോലെ (8:1—9:21; 11:14-15; 15:1; 16:1-21) "ആൾപ്പാർപ്പുള്ള സർവഭൂമിയിന്മേലും വരുവാനിരിക്കുന്ന" മഹോപദ്രവത്തെയാണ് (മത്താ. 24:21) കുറിക്കുന്നത് എന്നതിന് സംശയമില്ല. പ്രത്യുദ്ധരിക്കപ്പെട്ട സഭ അവന്റെ സഹിഷ്ണുതയുടെ വചനം കാത്തതിനാൽ, കർത്താവ് അവളുടെ "പരീക്ഷയുടെ നാഴികയിൽനിന്ന്" (പരീക്ഷയിൽനിന്നു മാത്രമല്ല, പരീക്ഷയുടെ *നാഴികയിൽനിന്നും*) കാക്കുമെന്ന് അവൾക്കു വാഗ്ദത്തം നല്കുന്നു. കർത്താവിന്റെ ഈ വാഗ്ദത്തം, ലൂക്കൊസ് 21:36-ലെ അവന്റെ വാഗ്ദത്തംപോലെ, കർത്താവിന്റെ സഹിഷ്ണുതയുടെ വചനം കാത്തവരായ വിശുദ്ധന്മാർ മഹോപദ്രവത്തിനുമുമ്പ് എടുക്കപ്പെടുമെന്നു സൂചിപ്പിക്കുന്നു; അവന്റെ സഹിഷ്ണുതയുടെ വചനം കാക്കാത്തവർ മഹോപദ്രവത്തിൽ ഉപേക്ഷിക്കപ്പെടുമെന്ന് ഇതു പരോക്ഷമായി സൂചിപ്പിക്കുന്നു.

## B. കർത്താവിന്റെ വേഗമുള്ള വരവ്

കർത്താവു വേഗം വരുമെന്ന് വാക്യം 11-ൽ പ്രത്യുദ്ധരിക്കപ്പെട്ട സഭയോട് അവൻ പറയുന്നു. അവൾ അവനെ സ്നേഹിക്കുന്നതുകൊണ്ട്, ഈ ലേഖനത്തിൽ കർത്താവ് തന്റെ പ്രത്യുദ്ധാരത്തിലുള്ള സഭയെ അവന്റെ വരവിന്റെ അനുഭൂതിയിലേക്ക് കൊണ്ടുവരുന്നു. കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള എല്ലാ സഭകളും അവന്റെ മടങ്ങിവരവിന്റെ പ്രചോദനത്തിൻകീഴിൽ കർത്താവിനെ സ്നേഹിക്കണം. അവന്റെ പ്രത്യുദ്ധാരത്തിൽ അവനെ നാം സാക്ഷീകരിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ, വേഗമുള്ള കർത്താവിന്റെ മടങ്ങിവരവ് നമുക്ക് വിലയേറിയതായിരിക്കണം.

## C. കിരീടം

പ്രത്യുദ്ധരിക്കപ്പെട്ട സഭയ്ക്ക് കർത്താവ് ഒരു കിരീടം നല്കിയിരിക്കുന്നു. കർത്താവിൽനിന്നുള്ള ഒരു പ്രതിഫലമെന്ന നിലയിൽ, അവൻ മടങ്ങിവരുന്നതുവരെ ഇതിനെ കാത്തുകൊള്ളണം.

## D. അവനെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കുന്നത്

വാക്യം 12-ൽ കർത്താവു പറയുന്നു, "ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിലെ തൂണാക്കും, അവൻ ഒരുവിധത്തിലും ഇനിമേൽ പുറത്തുപോകുകയില്ല." 2:17-ൽ ജയാളി ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി രൂപാന്തരപ്പെട്ട ഒരു കല്ലായിത്തീരുന്നു: എന്നാൽ ഇവിടെ ജയാളി ദൈവാലയത്തിലേക്കു പണിതുചേർക്കപ്പെടുന്ന ഒരു തൂണാക്കപ്പെടും. അവൻ ദൈവത്തിന്റെ കെട്ടിടത്തിലേക്കു പണിയപ്പെട്ടിരിക്കുന്നതുകൊണ്ട്, "അവൻ ഒരുവിധത്തിലും ഇനിമേൽ പുറത്തുപോകുകയില്ല." ഈ വാഗ്ദത്തം ജയാളിക്കുള്ള ഒരു സമ്മാനമായി സഹസ്രാബ്ദരാജ്യത്തിൽ നിവർത്തിക്കപ്പെടും. ഫിലദെൽഫ്യയിലുള്ള സഭയിൽ ജയിക്കുന്നത് എന്തെങ്കിലും കിട്ടുന്നതോ മറ്റു കാര്യങ്ങളെ ജയിക്കുന്നതോ അല്ല: കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ നാം പ്രാപിച്ചതിനെ അന്ത്യത്തോളം കാത്തുകൊള്ളുന്നതാണ്. നിങ്ങൾ ഇതു ചെയ്യുന്നുവെങ്കിൽ, കർത്താവു നിങ്ങളെ ദൈവത്തിന്റെ ആലയത്തിലെ ഒരു തൂണാക്കും. ഇത് നമ്മെ ഉല്പത്തി 28-ലെ യാക്കോബിന്റെ സ്വപ്നത്തെ ഓർമ്മിപ്പിക്കുന്നു. യാക്കോബ് ആ സ്വപ്നം കണ്ടതിനുശേഷം അവൻ തലയണയായി വച്ചിരുന്ന കല്ലിനെ ഒരു തൂണായിരിക്കുവാൻ സ്ഥാപിച്ചു. ആ തൂൺ ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയായിരുന്നു. ഫിലദെൽഫ്യയിലുള്ള ജയാളികൾ ദൈവത്തിന്റെ ആലയത്തിൽ തൂണുകളായിരിക്കും. തത്ത്വം ഇന്നും അതു തന്നെയാണ്. കർത്താവ് തന്റെ പ്രത്യുദ്ധാരത്തിൽ ധാരാളം കല്ലുകളെ തൂണുകളായിരിക്കുവാൻ സ്ഥാപിച്ചിരിക്കുന്നു. നമ്മുടെ ഇടയിൽ നിരവധി തൂണുകൾ ഉള്ളതിനായി കർത്താവിനെ സ്തുതിക്കാം. കെട്ടിടത്തിലേക്ക് ഒരു തൂണായി ഒരു കല്ലിനെ സ്ഥാപിച്ചുകഴിഞ്ഞാൽ അതിനെ ഒരിക്കലും മാറ്റുവാൻ കഴിയുകയില്ല, കാരണം അതിനെ പണിതു ചേർത്തുകഴിഞ്ഞു. ചിലർ സഭയിൽ അല്പസമയമോ ചില മാസങ്ങളോ മാത്രം നിലനിൽക്കുകയും പിന്നീട് അകന്നുപോകുകയും ചെയ്യുന്നു. എന്നാൽ, നിങ്ങൾ ഒരു തൂണായി ആലയത്തിലേക്ക് പണിതു ചേർക്കപ്പെട്ടിട്ടുണ്ടെങ്കിൽ, നിങ്ങൾ പോകുവാൻ ആഗ്രഹിച്ചാലും അതിനു കഴിയുകയില്ല. ഇപ്പോഴും നിങ്ങൾക്ക് സഭയിൽനിന്നു

പുറത്തു പോകുവാൻ കഴിയുന്നുവെങ്കിൽ, അതിന്റെ അർഥം നിങ്ങൾ പണിതുചേർക്കപ്പെട്ടിട്ടില്ല എന്നാണ്.

## E. അവന്റെമേൽ എഴുതുന്നത്

### *1. ദൈവത്തിന്റെ നാമം*

"ഞാൻ അവന്റെമേൽ എന്റെ ദൈവത്തിന്റെ നാമവും, എന്റെ ദൈവത്തിന്റെ അരികിൽനിന്ന്, സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്ന, പുതിയ യെരൂശലേമെന്ന എന്റെ ദൈവത്തിന്റെ നഗരത്തിന്റെ നാമവും, എന്റെ പുതിയ നാമവും എഴുതും." എന്നും വാക്യം 12-ൽ കർത്താവു ജയാളിക്ക് വാഗ്ദത്തം ചെയ്യുന്നു. ഒന്നാമത്, ജയാളിയുടെമേൽ ദൈവത്തിന്റെ നാമം എഴുതുമെന്ന് കർത്താവു പറയുന്നു. ഒരു പേര് ഒരു അഭിധാനമാണ്. നിങ്ങളുടെ പേര് നിങ്ങൾ ആരാണെന്ന് ചൂണ്ടിക്കാണിക്കുന്നു. ജയാളി ദൈവത്തിന്റെ നാമം വഹിക്കുന്നു എന്നതിന്റെ അർഥം ദൈവം അവനിലേക്കു പണിതു ചേർക്കപ്പെട്ടിരിക്കുന്നു എന്നാണ്. ദൈവം നമ്മിലേക്കു പണിതു ചേർക്കപ്പെടുമ്പോൾ മാത്രമേ അവന്റെ നാമം വഹിക്കുവാൻ നാം യോഗ്യരാകുന്നുള്ളൂ. നാം ദൈവമായിത്തീരുന്നു എന്ന് ഇതർഥമാക്കുന്നില്ല; ഇതിന്റെ അർഥം ദൈവം നമ്മിലേക്കു പണിതുചേർക്കപ്പെട്ടിരിക്കുന്നുവെന്നും നാം അവനുമായി ഒന്നായിരിക്കുന്നു എന്നുമാണ്. അതുകൊണ്ട്, കർത്താവ് നമുക്ക് ഒരു പുതിയ നാമം തരുന്നു—ദൈവം. അവൻ ദൈവത്താൽ സാന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു എന്നു സൂചിപ്പിച്ചുകൊണ്ട്, ജയാളിയുടെമേൽ "ദൈവം" ഉണ്ട്. അവനെ കാണുമ്പോൾ നിങ്ങൾ ദൈവത്തെ കാണുന്നു.

### *2. പുതിയ യെരൂശലേം എന്ന ദൈവത്തിന്റെ നഗരത്തിന്റെ നാമം*

രണ്ടാമത്, പുതിയ യെരൂശലേം എന്ന ദൈവത്തിന്റെ നഗരത്തിന്റെ നാമം ജയാളിയുടെമേൽ എഴുതുമെന്ന് കർത്താവു വാഗ്ദത്തം ചെയ്യുന്നു. പുതിയ യെരൂശലേം എന്ന നാമം ജയാളി വഹിക്കുന്നു എന്നതിന്റെ അർഥം അവൻ പുതിയ യെരൂശലേമിന്റെ ഒരു ഭാഗമാകുന്നു എന്നാണ്. വരുവാൻപോകുന്ന പുതിയ യെരൂശലേം അവന്റെ ആളത്തത്തിലേക്ക് പണിതുചേർക്കപ്പെട്ടിരിക്കുന്നു എന്ന് ഇതു സൂചിപ്പിക്കുന്നു. അങ്ങനെ, ജയാളിയും പുതിയ യെരൂശലേം എന്ന അഭിധാനം വഹിക്കുന്നു. കർത്താവിന്റെ എഴുത്ത് എപ്പോഴും വസ്തുതകളോട് യോജിക്കുന്നു. ഒരു കുരങ്ങിന്റെമേൽ *സിംഹം* എന്നെഴുതുന്നതോ, ഒരു പൂച്ചയുടെമേൽ *കുഞ്ഞാട്* എന്നെഴുതുന്നതോ വിഡ്ഢിത്തമാണ്. കർത്താവു നമ്മുടെമേൽ ദൈവത്തിന്റെയും പുതിയ യെരൂശലേമിന്റെയും നാമങ്ങൾ എഴുതുമ്പോൾ അതു വെളിപ്പെടുത്തുന്നത് നാം

ദൈവവുമായി ഒന്നാണെന്നും പുതിയ യെരൂശലേമിന്റെ ഒരു ഭാഗമാണെന്നും ആണ്.

### *3. കർത്താവിന്റെ പുതിയ നാമം*

അവസാനമായി, അവന്റെ പുതിയ നാമം ജയാളിയുടെമേൽ എഴുതുമെന്ന് കർത്താവു വാഗ്ദത്തം ചെയ്യുന്നു. ഈ പുതിയ നാമം നമ്മുടെ അനുഭവങ്ങളനുസരിച്ചായിരിക്കും. ഇത് അവനെക്കുറിച്ചുള്ള നമ്മുടെ വ്യക്തിപരമായ അനുഭവങ്ങളനുസരിച്ചായതുകൊണ്ട്, കർത്താവിന്റെ പുതിയ നാമം എന്താണെന്ന് എനിക്ക് നിങ്ങളോടു പറയുവാൻ കഴിയുകയില്ല. മറ്റൊരു രീതിയിൽ പറഞ്ഞാൽ, കർത്താവിൽനിന്ന് നാം അനുഭവമാക്കുന്നത് നാമായിത്തീരുന്നു. നാം ദൈവത്തെ അനുഭവമാക്കുന്നു, ദൈവം നാമായിത്തീരുന്നു. നാം പുതിയ യെരൂശലേം അനുഭവമാക്കുന്നു, അതും നാമായിത്തീരുന്നു. നാം കർത്താവിനെ ദൃഢബദ്ധമായ, വ്യക്തിപരമായ രീതിയിൽ അനുഭവമാക്കുകയും, അതു നാമായിത്തീരുകയും ചെയ്യുന്നു. അതുകൊണ്ട്, ദൈവത്തിന്റെ നാമവും, പുതിയ യെരൂശലേം എന്ന നാമവും, അവന്റെ പുതിയ നാമവും എഴുതിക്കൊണ്ട് കർത്താവു നമ്മെ ശരിയാംവണ്ണം അഭിധാനം ചെയ്യും. നാം ദൈവവുമായി ഒന്നായിരിക്കുന്ന ഒരു വ്യക്തിയും, പുതിയ യെരൂശലേമിന്റെ ഭാഗമായ ഒരുവനും, അവനെത്തന്നെ നാമാക്കിത്തീർക്കുന്നവനായ കർത്താവിനെ അനുഭവമാക്കിയ ഒരുവനും ആയിത്തീർന്നിരിക്കുന്നുവെന്ന് ഇതു സൂചിപ്പിക്കും.

ജയാളി ദൈവത്താലും, പുതിയ യെരൂശലേമിനാലും, കർത്താവിനാലും സ്വായത്തമാക്കപ്പെട്ടവനാണെന്നും; ദൈവം താൻതന്നെയും, പുതിയ യെരൂശലേം എന്ന അവന്റെ നഗരവും, കർത്താവും അവന് സ്വന്തമാണെന്നും; അവൻ ദൈവവുമായും, പുതിയ യെരൂശലേമുമായും, കർത്താവുമായും ഒന്നാണെന്നും ജയാളിയുടെമേൽ എഴുതപ്പെട്ട ദൈവത്തിന്റെ നാമവും, പുതിയ യെരൂശലേം എന്ന നാമവും, കർത്താവിന്റെ പുതിയ നാമവും സൂചിപ്പിക്കുന്നു. ദൈവത്തിന്റെ നാമം ദൈവത്തെത്തന്നെയും, പുതിയ യെരൂശലേം എന്ന നാമം നഗരത്തെത്തന്നെയും, കർത്താവിന്റെ നാമം കർത്താവിനെത്തന്നെയും അർഥമാക്കുന്നു. ജയാളിയുടെമേൽ ദൈവത്തിന്റെ നാമവും, പുതിയ യെരൂശലേം എന്ന നാമവും, കർത്താവിന്റെ നാമവും എഴുതുകയെന്നാൽ, ദൈവം താൻ ആയിരിക്കുന്നതും, പുതിയ യെരൂശലേമിന്റെ പ്രകൃതവും, കർത്താവ് എന്ന വ്യക്തിയും എല്ലാം ജയാളിയിലേക്ക് പണിതുചേർക്കപ്പെട്ടിരിക്കുന്നുവെന്നു സൂചിപ്പിക്കുന്നു. ജയാളിക്കുള്ള ഒരു സമ്മാനമായി പുതിയ യെരൂശലേമിനെ പരാമർശിച്ചിരിക്കുന്നതു സൂചിപ്പിക്കുന്നത് ഈ വാഗ്ദത്തം

സഹസ്രാബ്ദരാജ്യത്തിൽ നിറവേറപ്പെടും എന്നാണ്. സഹസ്രാബ്ദ രാജ്യത്തിലുള്ള പുതിയ യെരൂശലേം ജയിക്കുന്ന വിശുദ്ധന്മാർക്കു മാത്രമുള്ള ഒരു സമ്മാനമായിരിക്കുമ്പോൾ പുതിയ ആകാശത്തിലും പുതിയ ഭൂമിയിലുമുള്ള പുതിയ യെരൂശലേം നിത്യതയോളം വീണ്ടെടുക്കപ്പെട്ട സകലരുടെയും പൊതുവായ പങ്കായിരിക്കും.

## VI. ആത്മാവിന്റെ സംസാരം

ആത്മാവിന്റെ സംസാരത്തിനും പ്രത്യുദ്ധരിക്കപ്പെട്ട സഭ ശ്രദ്ധ നല്കേണ്ടത് ആവശ്യമാണ്. നാം കർത്താവിനെ എത്രയധികം സ്നേഹിക്കുകയും എത്രയധികം നാം അവന്റെ പ്രത്യുദ്ധാരത്തിലായി രിക്കുകയും ചെയ്യുന്നുവോ, അത്രയുമധികം തീവ്രവൽക്കരിക്കപ്പെട്ട ആത്മാവിന്റെ സമ്പന്നമായ സംസാരം നമുക്ക് ആവശ്യമാണ്.